JD]

ഭരണഭാഷ മാതൃഭാഷ

ICDS/A6/9459/20

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
Phone No. 0471 - 2346534
തീയതി : 31.01.2022
E-Mail: directorate.wcd@kerala.gov.in

## സർക്കുലർ

**വിഷയം:-** വനിതാ ശിശുവികസന വകുപ്പ്-സൈക്കോ സോഷ്യൽ പദ്ധതി-സ്കൂൾ കൗൺസിലർമാരുടെ അവധി-സർക്കുലർ -സംബന്ധിച്ച്:-

**സൂചന:-** 1) ) KSR PART I - APPENDIX VIII

2) Maternity Benefit Amendment Act- 2017

3) സർക്കാർ ഉത്തരവ് (പി) 271/11/ധന. തീയതി 27/6/2011.

4) സർക്കാർ ഉത്തരവ് (പി) 2/2021/ധന. തീയതി 4/1/2021.

5) സർ.കത്ത് നം. SJD-E2/141/2020/SJD തീയതി : 17/05/2021

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കരാർ ജീവനക്കാരുടെ അവധികൾ കെഎസ്ആർ പ്രകാരമാകണമെന്നു സർക്കാർ നിർദേശിച്ചിട്ടുണ്ട്. സൈക്കോ സോഷ്യൽ സർവിസ് പദ്ധതിയിൽ ഉൾപ്പെട്ട സ്കൂൾ കൗൺസിലർമാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരായതിനാൽ, ഇവർക്ക് KSR പ്രകാരം അർഹതയുള്ള അവധികൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. **ആകസ്മികാവധി (Casual Leave)**

കരാർ ജീവനക്കാരായ സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് ഒരു കലണ്ടർ വർഷ കാലയളവിൽ പരമാവധി 12 ദിവസത്തെ ആകസ്മികാവധിക്കു അർഹതയുണ്ട്.

2. **പ്രസവാവധി (Maternity Leave)**

കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിത ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിന് 3 ആഴ്ചകൾക്ക് മുൻപുള്ള തീയതി മുതൽ അവധി അനുവദനീയമാണെന്ന വ്യവസ്ഥയിൽ, കരാർ ദൈർഘ്യം കണക്കിലെടുക്കാതെ, 180 ദിവസത്തേക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ ഏതാണോ ആദ്യം അന്ന് വരെ കെ എസ് ആർ

ഭാഗം (1) ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങൾക്ക് സൂചന (4) പ്രകാരം അർഹതയുണ്ട്.

എന്നാൽ പ്രസവം നടക്കാൻ ഇടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ടുമുൻപ് തൊഴില്ലടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്യിട്ടില്ലാത്ത ഉദ്യോഗസ്ഥർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

കൂടാതെ 2017 ലെ The Maternity Benefit (Amendment) Act ന്റെ മൂന്നാം വകുപ്പിന്റെ A(ii) ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം രണ്ടോ അതിൽക്കൂടുതലോ അതിജീവിക്കുന്ന കുട്ടികളുള്ള ഒരു വനിതാ ജീവനക്കാരിയ്ക്ക് അടുത്ത പ്രസവത്തിനായി, പ്രസവം നടക്കാനിടയുള്ള ദിവസത്തിന് ആറാഴ്ച മുൻപ് മുതൽ അവധി അനുവദനീയമാണെന്നുള്ള വ്യവസ്ഥയിൽ 12 ആഴ്ചത്തെ പ്രസവാവധി അനുവദിക്കാവുന്നതാണ്.

3. <u>ആർജ്ജിതാവധി (Earned Leave)</u>

a) കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയിരുന്നാൽ അനുവദിക്കാവുന്ന ആർജ്ജിതാവധി ജോലി ചെയ്യുന്ന ദിവസങ്ങൾക്ക് 1/11 എന്ന നിരക്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 ദിവസം ആയിരിക്കുന്നതാണ്. (KSR Appendix VIII Clause i) ആയത് ലീവായോ ലീവ് സറണ്ടർ ആയോ അനുവദിക്കാവുന്നതാണ്.

4) <u>അർദ്ധ വേതനാവധി (Half Pay Leave)-</u>

a) കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയ കരാർ ജീവനക്കാർക്ക് ആർജ്ജിതാവധി ഉപയോഗിച്ച് തീരുകയാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 15 ദിവസത്തെ അർദ്ധവേതനാവധി അനുവദിക്കാവുന്നതാണ്. എന്നാൽ കരാർ കാലയളവിനുള്ളിൽ ആകെ ആർജിതാവധിയും അർദ്ധ വേതനാവധിയും കൂടി 30 ദിവസത്തിൽ കൂടാൻ പാടുള്ളതല്ല.

5) <u>ശൂന്യവേതനാവധി (LWA)-</u>

a) കരാർ കാലാവധി ഒരു വർഷമോ അതിൽ കുറവോ ആയ കരാർ ജീവനക്കാർക്ക് ശൂന്യവേതനാവധിക്ക് അർഹതയില്ലാത്തതാണ്.

<u>വ്യവസ്ഥകൾ</u>

- ✦ മെറ്റേർണിറ്റി ലീവ് എടുക്കുന്ന ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട മേലധികാരികൾ ഒരു അഫിഡവിറ്റ് എഴുതി വാങ്ങിക്കേണ്ടതും അവധി അനുവദിക്കുന്ന ഉത്തരവിൽ ആയത് രേഖപ്പെടുത്തേണ്ടതുമാണ്.
- ✦ മേൽപ്പറഞ്ഞ ജീവനക്കാർക്ക് മേൽ പരാമർശിച്ച അവധികൾ അല്ലാതെ മറ്റ് യാതൊരു അവധികൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.

- ✦ കാഷ്വൽ ലീവ് ഒഴികെയുള്ള മറ്റ് അവധികൾ അനുവദിക്കുന്നതിന് അവധി ആവശ്യപ്പെടുന്ന ജീവനക്കാരുടെ അപേക്ഷ മുൻകൂട്ടി അതത് ജില്ലാ ഓഫീസർക്കു അയച്ചു കൊടുക്കേണ്ടതാണ്.
- ✦ ജില്ലാ ഓഫീസറുടെ ഉത്തരവ് ലഭിച്ചതിനുശേഷം മാത്രമേ അവധി ദിനങ്ങളിലെ ശമ്പളം ക്ലെയിം ചെയ്യാൻ പാടുള്ളൂ.
- ✦ കാഷ്വൽ ലീവ് ഉൾപ്പെടെയുള്ള വിവിധ ലീവ് സംബന്ധിച്ച വിവരങ്ങൾ അതാത് ഓഫീസ് മേധാവികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- ✦ അനുമതി ഇല്ലാതെയും, അനധികൃതമായും ഹാജരാകാത്തവരുടെ കരാർ പുതുക്കുന്നതല്ല.
- ✦ മേൽ നിർദ്ദേശങ്ങൾ കർശനമായും നടപ്പിലാക്കുന്നുണ്ടെന്ന് അതത് ഓഫീസ് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
- ✦ KSR Part I Appendix VIII Clause 2, Clause 3 പ്രകാരമുള്ള അവധികളുടെ അനുവദനീയത സർക്കാർ നിർദേശങ്ങൾ ലഭ്യമായതിനു ശേഷം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

വനിതാ ശിശുവികസന ഡയറക്ടർ

*എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും*
*എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും*

*പകർപ്പ് : സ്റ്റോക്ക് ഫയൽ & സ്പെയർ*